# ദൈവം വെളിച്ചമാണ്

**സ്തുതി - ദൈവം വെളിച്ചമാണ്:** നമ്മുടെ ആത്മീയ പ്രകാശവും, സകല സത്യത്തിന്റെയും ഉറവിടമായ വ്യക്തി
**വേദഭാഗങ്ങൾ :** 2 ശമൂവേൽ 22:29, 1 യോഹന്നാൻ 1:5, യോഹന്നാൻ 8:12

## പാപം ഏറ്റു പറയുക -

അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല.
അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. 1 യോഹന്നാൻ 1:6-7

## നന്ദി പ്രകാശനം -

ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.
2 കൊരിന്ത്യർ 4:6

## മധ്യസ്ഥത പ്രാർത്ഥന -

**നമ്മുടെ കുട്ടികൾ:** ദൈവമേ, അങ്ങയുടെ വചനം _______ ന്റെ/യുടെ കാലിന്നു ദീപവും അവന്റെ/അവളുടെ പാതെക്കു പ്രകാശവും ആയിരിക്കട്ടെ. മനുഷ്യർ അവന്റെ/അവളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു അവന്റെ/അവളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ. സങ്കീർത്തനങ്ങൾ 119:105 & മത്തായി 5:16

**നഷ്ടപ്പെട്ടവരുടെ രക്ഷ:** അവർക്കു പാപമോചനവും, യേശു ക്രിസ്തുവിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്നു, _______ ന്റെ/യുടെ കണ്ണു തുറപ്പാനും, അവൻ/അവൾ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിയട്ടെ.
അപ്പ. പ്രവർത്തികൾ 26:18

**വിദ്യാർത്ഥികൾ:** മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു. എഫെസ്യർ 5:8

**അധ്യാപകർ/കാര്യനിർവാഹകർ:** ഇരുട്ടിൽ നിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം യേശുക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം വിളങ്ങിക്കേണ്ടതിന്നു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു.
2 കൊരിന്ത്യർ 4:6

**വിദ്യാലയങ്ങൾ:** സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യക്ഷതയാൽ വെളിപ്പെട്ടിരിക്കുന്നു. 2 തിമൊഥെയൊസ് 1:10

**മോംസ് ഇൻ പ്രെയർ:** നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. 1 പത്രൊസ് 2:9

Moms in Prayer INTERNATIONAL
മോംസ് ഇൻ പ്രെയർ
momsinprayer.org